RCS/5335/2019-G(4)

ജി(4)5335-19

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 20.11.2019

## സർക്കുലർ നമ്പർ. 49 /19

വിഷയം:- സഹകരണ വകുപ്പ് - പഴശ്ശി ചാരിറ്റബിൾ സൊസൈറ്റി സഹകരണ സംഘങ്ങളിൽ നിന്നും സംഭാവന-സംബന്ധിച്ച്.

സൂചന:- 1. ബഹു:എം.എൽ.എ ശ്രീ.സി.കെ.ശശീന്ദ്രൻ ബഹു:സഹകരണ വകുപ്പ് മന്ത്രിക്കു സമർപ്പിച്ച അപേക്ഷ.
2.8685/Min(Co-op,TSM&DEV)/2019 നമ്പർ എൻഡോഴ്സ്മെന്റ്.
3.സഹകരണ സംഘം രജിസ്ട്രാറുടെ 05.08.2016 ലെ സർക്കുലർ നമ്പർ.24/2016

വയനാട് ജില്ലയിൽ ആദിവാസികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പഴശ്ശി ചാരിറ്റബിൾ സൊസൈറ്റിക്ക് സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളുടേയും പൊതു നന്മാ ഫണ്ടിൽ നിന്നും 1 ലക്ഷം രൂപ വരെയുള്ള തുക സംഭാവനയായി നൽകുന്നതിന് സൂചന (3) പ്രകാരം സർക്കുലർ നിർദ്ദേശം നൽകിയിരുന്നെങ്കിലും സംഭാവന സ്വീകരിക്കുവാൻ ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം കഴിഞ്ഞില്ലായെന്നും ആയതിനാൽ ടി സർക്കുലർ നിർദ്ദേശം ഭേദഗതി വരുത്തി പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് സൂചന (1) പ്രകാരം സമർപ്പിച്ച അപേക്ഷ സൂചന (2) പ്രകാരം ഈ ആഫീസിൽ ലഭ്യമായിരിക്കുന്നു. ആയത് പരിഗണിച്ച് കേരളത്തിലെ സഹകരണ സംഘങ്ങളുടെ പൊതു നന്മാ ഫണ്ടിൽ നിന്നോ സഹകരണനിയമം 56(2)ഡി പ്രകാരമുള്ള ഫണ്ട് ലഭ്യമാണെങ്കിൽ അതിൽ നിന്നോ,ടി സംരംഭത്തിനുവേണ്ടി സംഭാവന ഇതേവരെ നൽകാത്ത സ്ഥാപനങ്ങളിൽ നിന്നും പരമാവധി ഒരു ലക്ഷം രൂപ വരെ സംഭാവനകൾ നൽകുന്നതിന് അനുവാദം നൽകുന്നു.

(ഒപ്പ്)
ഡോ.പി.കെ.ജയശ്രീ ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്:-

1. ശ്രീ.സി.കെ.ശശീന്ദ്രൻ, ബഹു:എം.എൽ.എ, കൽപ്പറ്റ.
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/അഡിറ്റ്)മാർക്കും.
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/അഡിറ്റ്)മാർക്കും.( ജോയിന്റ് രജിസ്ട്രാർ/ഡയറക്ടർ(ജനറൽ/അഡിറ്റ്)മുഖേന
4. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖേന.
5. എഡിറ്റർ, സഹകരണ വീഥി.
6. സ്റ്റോക്ക് ഫയൽ.
7. വെബ് സൈറ്റ്

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ (വിജിലൻസ്)